പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ.597

09.2.2016-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ.പി.ജയരാജൻ<br>,, ജി.സുധാകരൻ<br>,, ബി.സത്യൻ<br>,, കെ.കെ.ജയചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള പൊതുമേഖലാ പുനരുദ്ധാരണ ബോർഡിന്റെ വിലയിരുത്തലുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും അവലോകനം ചെയ്ത് പൊതുമേഖലാ വ്യവസായ പുനസംഘടനാ ബോർഡ് (റിയാബ്) സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മന്ത്രിയുടെയും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും റിയാബിന്റെയും നേതൃത്വത്തിൽ വിശദമായ വിലയിരുത്തൽ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| (ബി) ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ചയിലേക്ക് പോവുകയാണുണ്ടായതെന്ന റിയാബിന്റെ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ തകർച്ച നേരിടാനുണ്ടായ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;<br><br>(സി) പൊതുമേഖലയെക്കുറിച്ച് അവലോകനം നടത്തുന്നതിന് ബാദ്ധ്യതപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും പൊതുമേഖലയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വെളിപ്പെട്ടപ്പോഴും പൊതുമേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | <u>(ബി) യും (സി) യും</u><br><br>ഈ സർക്കാരിന്റെ കാലയളവിൽ റിയാബിന്റെ ഇത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും നിലവിലില്ല.<br><br>ഇന്ത്യയിലെ വ്യാവസായിക മേഖലയിലുണ്ടായ തളർച്ച നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തേയും ബാധിച്ചിട്ടുണ്ടെങ്കിലും, പരിമിതിക്കുള്ളിൽ നിന്നു കൊണ്ട് ഭേദപ്പെട്ട പ്രവർത്തനമാണ് വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ കാഴ്ചവച്ചിട്ടുള്ളത്.<br><br>വ്യവസായ മേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതി, വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം എന്നിവ മൂലം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ |

സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തന ത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഓരോ സ്ഥാപനത്തിന്റെ യും പ്രവർത്തനം വിശദമായി പരിശോധിച്ച് അവയ്ക്കനുയോജ്യമായ ദീർഘ/ ഹ്രസ്വകാല പദ്ധതികളാണ് സർക്കാർ പ്രധാനമായും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 849.50 കോടി രൂപ ഇത്തരത്തിൽ വിവിധ ഹ്രസ്വ/ദീർഘകാല പദ്ധതികൾക്കായി ഇതിനകം തന്നെ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തത്തക്കവിധത്തിലുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

സെക്ഷൻ ഓഫീസർ